ഉത്തരം

2015-16 അദ്ധ്യയന വർഷത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിക്കുന്നതിലേയ്ക്കായി ലഭിച്ച അപേക്ഷകൾ 10-7-2015-ന് ചേർന്ന സംസ്ഥാനതല ഉപദേശകസമിതി പരിശോധിക്കുകയും പ്രസ്തുത യോഗതീരുമാന പ്രകാരം തയ്യാറാക്കിയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സ്കൂളുകളുടെ പട്ടികയിൽ ടി സ്കൂളിനെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരുന്നു.

ഓപ്പറേഷൻ കുബേര

265 (275) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേര മുഖേന എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും നിലവിൽ പ്രസ്തുത പദ്ധതി തുടരുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വിപുലമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഓപ്പറേഷൻ കുബേരമുഖേന 3548 കേസ്സുകൾ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്പോഴും പദ്ധതി തുടരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി വിപുലമാക്കുന്നതിലേയ്ക്കായി സംസ്ഥാനത്ത് ധനകാര്യ സ്ഥാപനങ്ങളെയും സാമ്പത്തിക ഇടപാടുകാരെയും നിരീക്ഷിക്കുകയും നിയമവിരുദ്ധ സാമ്പത്തിക ഇടപാടുകൾ ശ്രദ്ധയിൽപ്പെട്ടാൽ അവരുടെ സ്ഥാപനങ്ങളും വീടുകളും റെയ്ഡ് ചെയ്യുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

ഓപ്പറേഷൻ സുരക്ഷ പദ്ധതി

266 (276) ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ സുരക്ഷ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് എത്ര കേസ്സുകൾ ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട തുടർ നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഗുണ്ടകളേയും സാമൂഹ്യവിരുദ്ധരേയും അമർച്ച ചെയ്ത് കറ്റകൃത്യങ്ങളിൽ ഗണ്യമായ കുറവുവരുത്തുക എന്നതാണ് ഓപ്പറേഷൻ സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. അക്രമികളെയും ഗുണ്ടകളേയും സാമൂഹ്യവിരുദ്ധരേയും പൂർണ്ണമായും അമർച്ച ചെയ്ത് ജനങ്ങളുടെ സൈര്യ ജീവിതം ഉറപ്പുവരുത്തുന്നതിന് 2015 ഫെബ്രുവരി മാസം 14-ാം തീയതി സംസ്ഥാനത്ത് 'ഓപ്പറേഷൻ സുരക്ഷാ' പദ്ധതിക്ക് രൂപം നൽകി. പ്രസ്തുത പദ്ധതിക്കുകീഴിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ അതിക്രമം നടത്തുന്നവർ, കഞ്ചാവ്, മയക്കുമരുന്ന് കുറ്റവാളികൾ, മോഷ്ടാക്കൾ, സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിന്റെ പേരിൽ നടപടികൾ നേരിടുന്നവർ, വ്യാജമദ്യ ഉൽപാദനവും വിപണനവും നടത്തുന്നവർ, അനുമതി കൂടാതെ സ്ഫോടക വസ്തുക്കൾ കൈവശം വയ്ക്കുന്നവർ മുതലായവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് അക്രമികളെയും ഗുണ്ടാ-സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരേയും പൂർണ്ണമായും അമർച്ച ചെയ്ത് ജനങ്ങൾക്ക് സൈര്യ ജീവിതം ഉറപ്പുവരുത്തുക എന്നതാണ് ഓപ്പറേഷൻ സുരക്ഷയുടെ ലക്ഷ്യം.

(ബി) സംസ്ഥാനത്ത് ഈ പദ്ധതി പ്രകാരം കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 8371 കേസ്സുകളിന്മേൽ ടി പദ്ധതി പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓപ്പറേഷൻ സുരക്ഷാ പദ്ധതിയിലൂടെ പലവിധ കേസ്സുകളിൽ ഉൾപ്പെട്ട കുറ്റവാളികളെ ടി പദ്ധതിപ്രകാരം കൂടുതൽ നിരീക്ഷണം നടത്തിയും നിയമലംഘനമുണ്ടായാൽ കർശന നടപടി സ്വീകരിച്ചും വരുന്നു.

(സി) സ്ഥിരം കുറ്റവാളികളെ പ്രത്യേകം നിരീക്ഷിക്കുന്നു. സ്ഥിരം കുറ്റവാളികൾ, മയക്കുമരുന്ന് ഉപയോഗിക്കുന്നവർ, വ്യാജ മദ്യം വിപണനം ചെയ്യുന്നവർ, അനധികൃത വെടിമരുന്ന് ഉപയോഗിക്കുന്നവർ എന്നിവരെ കണ്ടെത്തുന്നതിനുവേണ്ടി നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയുള്ള നടപടികൾ വരുംദിവസങ്ങളിൽ കൂടുതൽ കർശനമാക്കുന്നതാണ്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയുള്ള പരാതികൾ 1090 എന്ന നമ്പരിൽ വിളിച്ചോ അതാത് ജില്ലാ പോലീസ് മേധാവിമാരെയോ അറിയിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly